**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2783** **13-12-2022 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എത്ര നൂൽ മില്ലുകളാണ് നിലവിലുള്ളത്; ഇതിൽ പൂർണതോതിൽ പ്രവർത്തിക്കുന്നവ എത്ര; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് പൊതുമേഖലയിലും സഹകരണ മേഖലയിലുമായി ആകെ 16 നൂൽ മില്ലുകൾ നിലവിൽ പ്രവർത്തിക്കുന്നു.<br><br>പൊതുമേഖലയിലുള്ള ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ, സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് എന്നീ സ്പിന്നിംഗ് മില്ലുകൾ പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നുണ്ട്.<br><br>പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിനു (കെ.എസ്.റ്റി.സി) കീഴിലുള്ള 6 സ്പിന്നിംഗ് മില്ലുകളിൽ ഉദുമ ടെക്സ്റ്റൈൽ മിൽസ്, കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസ് എന്നിവ പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നവയാണ്. എന്നാൽ പ്രഭുറാം മിൽസ്, കോട്ടയം ടെക്സ്റ്റൈൽസ്, എടരിക്കോട് ടെക്സ്റ്റൈൽസ്, മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽസ് എന്നിവ പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല.<br><br>കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡിനു(ടെക്സ്ഫെഡ്) കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളായ ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ, ക്വയിലോൺ സഹകരണ സ്പിന്നിംഗ് മിൽ, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ, മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ, പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ, കെ.കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിംഗ് മിൽ, മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ്(മാൽകോടെക്സ്) എന്നീ സ്പിന്നിംഗ് മില്ലുകൾ എല്ലാം പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നവയാണ്. |
| (ബി) | നൂൽ മില്ലുകൾ കടുത്ത സാമ്പത്തിക | (ബി) | സംസ്ഥാനത്തെ നൂൽ മില്ലുകൾ സാമ്പത്തിക |

| | | | |
|---|---|---|---|
| | പ്രതിസന്ധിയിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ പ്രതിസന്ധിക്കുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നാണ് വിലയിരുത്തുന്നത്; | | പ്രതിസന്ധികൾ നേരിടുന്നുണ്ട്. പരുത്തി ഉൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കളുടെ അനിയന്ത്രിതമായ വില വർദ്ധനവും, നൂലിന്റെ വില ആനുപാതികമായി ഉയരാത്ത സാഹചര്യവും മില്ലുകളുടെ പ്രതിസന്ധിക്കുള്ള പ്രധാന കാരണങ്ങളാണ്. |
| (സി) | കഴിഞ്ഞ ഒരു വർഷത്തിനിടയിൽ നൂലിന്റെ വിലയിൽ എൺപത് ശതമാനം വരെ വർദ്ധനവ് ഉണ്ടായതും നൂലിന്റെ ലഭ്യത കുറഞ്ഞതും കൈത്തറി വസ്ത്ര വ്യാപാര മേഖലയെ കടുത്ത പ്രതിസന്ധിയിലാക്കിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | നിലവിൽ സംസ്ഥാനത്തിന് ആവശ്യമായ നൂലിന്റെ എൺപത് ശതമാനവും ഇതര സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നതെന്ന കാര്യം പരിശോധിക്കുകയുണ്ടായോ; | (ഡി) | പരിശോധിച്ചിട്ടില്ല. എന്നാൽ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധ പ്പെട്ട് മുഴുവൻ നൂലും സംസ്ഥാനത്തിന് അകത്ത് നിന്നാണ് ഉല്പാദിപ്പിക്കുന്നത്. കൂടാതെ സംസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കൈത്തറികൾക്ക് ആവശ്യമായ നൂലിന്റെ നല്ലൊരു ശതമാനവും സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളിൽ നിന്നാണ് ഉൽപാദിപ്പിക്കുന്നത്. |
| (ഇ) | വസ്ത്രങ്ങളുടെ ചായക്കൂട്ട് അടക്കമുള്ള അസംസ്കൃത വസ്തുക്കളുടെ വില ഗണ്യമായി വർദ്ധിക്കുകയുണ്ടായോ; | (ഇ) | വർദ്ധിച്ചിട്ടുണ്ട്. |
| (എഫ്) | എങ്കിൽ കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എഫ്) | കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിച്ച് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, എല്ലാ സർക്കാർ / അർദ്ധ സർക്കാർ / അധ്യാപകർ / പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർ 2022 പുതുവർഷാരംഭം മുതൽ എല്ലാ ബുധനാഴ്ചകളിലും കൈത്തറി / ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്നും 07.12.2020ലെ സി.ഡി.എൻ 2/97/2020/പൊഭവ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള കൈത്തറി / ഖാദി തുണിത്തരങ്ങൾ വാങ്ങണമെന്നും 11.01.2022ലെ സി.ഡി.എൻ2/1/2022/പൊഭവ സർക്കുലർ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. അതിന്റെ ഫലമായി, കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ ഉണർവുണ്ടാകുന്നതിനും വിപണി മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.<br><br>കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് ജോലി സ്ഥിരത ഉറപ്പവരുത്തുന്നതിന് സർക്കാർ ആവിഷ്കരിച്ച് 2016-2017 മുതൽ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതിയാണ് സൗജന്യ |

കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. കൈത്തറി മേഖലയിലേക്ക് കൂടുതൽ നെയ്ത്തുകാരെ ആകർഷിക്കുന്നതിനും, നെയ്ത്തുകാർക്ക് അധികവേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭ്യമാക്കുവാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിച്ച വിപണനം നടത്തുന്ന പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്ക് അവരുടെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് സംസ്ഥാന സർക്കാർ റിബേറ്റ് നൽകി വരുന്നുണ്ട്. (വിവിധ ഉത്സവകാലയളവുകളിൽ കൈത്തറി തുണിത്തരങ്ങളുടെ വിൽപ്പനയ്ക്ക് 41 ദിവസത്തേയ്ക്ക് 20% റിബേറ്റും സ്കൂൾ യൂണിഫോം റിബേറ്റ് കാലയളവിലേയ്ക്ക് 15 ദിവസത്തേയ്ക്ക് 30% റിബേറ്റുമാണ് നിലവിൽ അനുവദിച്ച് നൽകുന്നത്). ഉത്സവകാലയളവിൽ കൈത്തറി ഉൽപന്നങ്ങൾക്കായി ജില്ലാ-സംസ്ഥാനതല എക്സിബിഷനുകളും റിബേറ്റോടു കൂടി സംഘടിപ്പിച്ചു വരുന്നു. ഇതുവഴി വിപണന സാധ്യത കൂട്ടുന്നതിനും അങ്ങനെ കൈത്തറി ഉൽപ്പന്നങ്ങളുടെ വിൽപന ത്വരിതപ്പെടുത്തുന്നതിനും സാധിക്കുന്നു.

സംസ്ഥാനത്തെ കൈത്തറി മേഖലയുടെ സമഗ്ര വളർച്ചയ്ക്ക് ഉപകരിക്കുന്ന ഉപദേശങ്ങൾ നൽകുന്നതിനായി കൈത്തറി ഉപദേശക സമിതിയും കൈത്തറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് കൂടുതൽ പഠനം നടത്തി ആയതിന് പരിഹാരം കണ്ടെത്തി ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി 5 അംഗ വിദഗ്ധസമിതിയും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

**കൈത്തറിമേഖലയുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന മറ്റു പ്രധാന പദ്ധതികൾ താഴെപ്പറയുന്നു.**

- പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം
- പ്രൊഡക്ഷൻ ഇൻസെന്റീവ് - കൈത്തറി നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളി കൾക്കുമായുള്ള പ്രചോദന/പ്രോത്സാഹന പരിപാടി.
- നെയ്ത്ത്കാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി

| | | | |
|---|---|---|---|
| | | | • ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജ്ജിൻ മണി വായ്പ<br>• കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ<br>• തൊഴിൽരഹിതരായ യുവജനങ്ങളെ കൈത്തറി നെയ്ത്ത് മേഖലയിലേക്ക് ആകർഷിക്കുവാനായുള്ള യുവവീവ് പദ്ധതി<br>• നെയ്ത്ത് തൊഴിലാളികൾക്കുള്ള പ്രോത്സാഹന പരിപാടി<br>• കൈത്തറി ഗ്രാമം, സമഗ്ര കൈത്തറി ഗ്രാമം എന്നിവ സ്ഥാപിക്കൽ.<br>• വിപണനം/കയറ്റുമതി പ്രോത്സാഹന പദ്ധതി |
| (ജി) | സംസ്ഥാനത്തെ നൂൽ മില്ലുകളുടെ പ്രവർത്തനശേഷി വർദ്ധിപ്പിച്ച് നൂൽ ലഭ്യത ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ? | (ജി) | സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തന ശേഷി വർദ്ധിപ്പിക്കുകയും അതുവഴി ഉൽപ്പാദനം ഉയർത്തുന്നതിനുമായി പൊതു സഹകരണ മേഖലയിലെ മില്ലുകളിൽ ആധുനികവൽക്കരണ പ്രവർത്തന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പൊതു സഹകരണ മേഖലയിലെ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 10 വർഷത്തേക്കുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അതിൻ പ്രകാരമുള്ള പ്രവർത്തന ങ്ങൾ നടന്നുകൊണ്ടിരിക്കുന്നു |

സെക്ഷൻ ഓഫീസർ